# <u>കൊല്ലം റൂറൽ വനിതാസെല്ലിൽ ജാഗ്രതാസെൽ രൂപീകരിച്ചു</u>

2011 മുതൽ കൊല്ലം റൂറലിൽ പ്രവർത്തിച്ച് വരുന്ന വനിതാസെല്ലിന് പുതിയ പ്രവർത്തന മുഖം വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും പീഢനങ്ങളും തടയുന്നതിനും സമൂഹത്തിൽ അന്തസ്സായി ജീവിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും ഗാർഹിക അതിക്രമങ്ങൾ തടയുന്നതിനും സമൂഹത്തിലെ പിന്നോക്കാവസ്ഥയിൽ കഴിയുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രത്യേകം ശ്രദ്ധനൽകി പ്രവർത്തിച്ചു വരുന്നു.

സ്ത്രീകൾ ദൈനം ദിന ജീവിതത്തിൽ നേരിടേണ്ടി വരുന്ന അതിക്രമങ്ങളേയും ശല്യപ്പെടുത്തലുകളേയും ചെറുക്കുന്നതിലേക്ക് ലളിതമായ പ്രതിരോധ തന്ത്രങ്ങളും സ്കൂൾ, കോളേജ്, കോളനികൾ, സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വനിതാസെൽ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വനിതാ പോലീസ് ഓഫീസേഴ്സിനേയും നിർഭയ വാളന്റിയേഴ്സിനേയും ഉൾപ്പെടുത്തി പരിശീലനവും നിയമബോധവൽകരണവും നടത്തിവരുന്നു. ജില്ലാ പോലീസ് മേധാവിയായി ഹരിശങ്കർ ഐ.പി.എസ് ചാർജ്ജെടുത്തതിന് ശേഷം വനിതകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക അതിക്രമകേസുകൾ വനിതാ പോലീസ് ഇൻസ്പെക്ടറുടെ ചുമതലയിൽ അന്വേഷിക്കാൻ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളുടെ അന്വേഷണ ചുമതല വനിതാ സെല്ലിന് കൈമാറിയിട്ടുണ്ട്.

കോവിഡ് മഹാമാരിയുടെ കാലത്ത് ഗാർഹികപീഢനങ്ങൾ വർദ്ധിച്ച് വരുന്നതായി ദേശീയ വനിതാ കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതിനാൽ ആയത് തടയുന്നതിനായി കൊല്ലം റൂറൽ വനിതാസെൽ കേന്ദ്രീകരിച്ച് **<u>ഡൊമസ്റ്റിക് കോൺഫ്ളിക്ട് റെസല്യൂഷൻ സെന്റർ (ഡി.സി.ആർ.സി</u>**) എന്ന പേരിൽ ജാഗ്രതാ സെൽ നാളെ മുതൽ പ്രവർത്തനം ആരംഭിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും എതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും അത്തരത്തിലുള്ള സംഭവങ്ങൾ സംബന്ധിച്ച പരാതികളും മറ്റും കൊല്ലം റൂറൽ ജില്ലാ വനിതാ സെല്ലിൽ പ്രവർത്തനം ആരംഭിക്കുന്ന ഡി.സി.ആർ.സി യുടെ ഫോൺ നമ്പരായ **<u>9497931113</u>** ലേക്ക് പൊതുജനങ്ങൾക്ക് വിളിച്ചറിയിക്കാവുന്നതാണ്. സ്ത്രീകളുടെ പരസ്യപ്പെടുത്താനാകാത്ത തരത്തിലുള്ള പരാതികൾക്കും മറ്റും പരിഹാരം കാണുന്നതിനും ഡി.സി.ആർ.സി യുടെ 9497931113 നമ്പരിൽ

വിളിച്ചറിയിക്കാവുന്നതാണ്. ഈ നമ്പരിൽ വാട്സ്ആപ്പ് മുഖേനയും പരാതികൾ അറിയിക്കാവുന്നതാണ്. വനിതാസെല്ലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററിൽ നിന്നും ലഭിക്കുന്ന നിയമസഹായത്തിനും കൗൺസിലിംഗിനും മറ്റ് അടിയന്തിര സഹായങ്ങൾക്കും ഈ നമ്പർ ഉപയോഗിക്കാവുന്നതാണ് എന്ന് ജില്ലാ പോലീസ് മേധാവി ഹരിശങ്കർ ഐ.പി.എസ് അറിയിച്ചു.

************************************************************************************